പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 60 | 28 - 05-2019-ൽ മറുപടിക്ക്.

**സി-ഡിറ്റ് പദ്ധതികൾ സ്വകാര്യമേഖലയ്ക്ക് കൈമാറിയ നടപടി**

ചോദ്യം
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) പോർട്ടൽ നടത്തിപ്പ് ഉൾപ്പെടെ സ്വകാര്യ കമ്പനിയായ ഓസ്പിൻ ടെക്നോളജീസ് എന്ന കമ്പനിയ്ക്ക് നൽകിയതായുള്ള വിവരത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) പോർട്ടൽ നടത്തിപ്പ് സ്വകാര്യകമ്പനിയായ ഓസ്പിൻ ടെക്നോളജീസിന് നൽകിയിട്ടില്ല. സി-ഡിറ്റിന് തന്നെയാണ് ഇതിന്റെ ചുമതല. |
| (ബി) | കേരള സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ സി-ഡിറ്റ് നിലവിൽ കൈകാര്യം ചെയ്തിരുന്ന ഏതെല്ലാം പ്രവൃത്തികളാണ് അവരിൽ നിന്നും മാറ്റിയത്; മാറ്റുവാനുള്ള കാരണം അറിയിക്കാമോ; | (ബി) | സി-ഡിറ്റ് സർക്കാർ വകുപ്പുകൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളൊന്നും സി-ഡിറ്റിൽ നിന്നും മാറ്റിയിട്ടില്ല. നാം മുന്നോട്ട് എന്ന പ്രതിവാര ടെലിവിഷൻ പരിപാടിയുടെ ഷൂട്ടിംഗ് സി-ഡിറ്റാണ് നിർവഹിച്ച വന്നത്. സി-ഡിറ്റ് ഷൂട്ടിംഗ് നിർവ്വഹിക്കുന്ന കേരള സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പിന്റെ തൽസമയ സംപ്രേഷണം എല്ലാ ദിവസവും ഉള്ളതിനാൽ നാം മുന്നോട്ട് പരിപാടിയുടെ ഷൂട്ടിംഗ് അതിഥികൾക്ക് കൂടി സൗകര്യപ്രദമായ സമയത്ത് സി-ഡിറ്റ് മുഖാന്തിരം നടത്തുന്നതിന് അസൗകര്യം നേരിട്ട സാഹചര്യത്തിൽ നഗര പരിധിയിൽ നിശ്ചിത സൗകര്യങ്ങൾ ഉള്ള പ്രൊഡക്ഷൻ ഹൗസുകൾ, ടെലിവിഷൻ ചാനലുകൾ എന്നിവയിൽ നിന്നും പത്രപരസ്യത്തിലൂടെ താത്പര്യപത്രം ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (സി) | കേരള ടാക്സി ഓൺലൈൻ, കെ.എസ്.ആർ.ടി.സി ഓൺലൈൻ, കേരള സർക്കാരിന്റെ തപാൽ മാനേജ്മെന്റ് സംവിധാനം എന്നിവയിൽ നിന്നും സി-ഡിറ്റിനെ ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി. ഓൺലൈൻ സി-ഡിറ്റിനെ ഏല്പിച്ചിട്ടുള്ള പദ്ധതിയല്ല. സർക്കാർ നിയന്ത്രണത്തിൽ ഓൺലൈൻ ടാക്സി സമ്പ്രദായം നടപ്പിൽ വരുത്തുന്ന വിഷയം സംബന്ധിച്ച് വിവിധ തലത്തിൽ ചർച്ചകൾ നടന്നുവെങ്കിലും ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. കേരള സർക്കാരിന്റെ തപാൽ |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് സംവിധാനം പ്രോജക്ടിൽ നിന്നും സി-ഡിറ്റിനെ ഒഴിവാക്കിയിട്ടില്ല. ഈ പദ്ധതിയുടെ അംഗീകാരം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ഇ-ഓഫീസ് സംവിധാനം ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇ-ഓഫീസിനെക്കുറിച്ച് എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (ഡി) | സെക്രട്ടറിയേറ്റിലെ വകുപ്പുകൾ, 14 കളക്ടറേറ്റുകൾ, 15 ആർ ഡി ഒ. ഓഫീസുകൾ, 2 താലൂക്കുകൾ, 1 വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലും അനുബന്ധത്തിൽ ചേർത്തിട്ടുള്ള 53 ഡയറക്ടറേറ്റുകൾ/ കമ്മീഷണറേറ്റുകൾ/ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ഇതിനോടകം ഇ -ഓഫീസ് നടപ്പാക്കിയിട്ടുണ്ട്. ഇ-ഓഫീസിന്റെ പ്രകടനം മോശമാണെന്നുള്ള നിരവധി പരാതികൾ ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം ചില സമയങ്ങളിൽ മന്ദഗതിയിലാകുന്നത് സംബന്ധിച്ചും മലയാളത്തിൽ ഡ്രാഫ്റ്റ് / നോട്ട് ടൈപ്പ് ചെയ്യുമ്പോൾ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നത് സംബന്ധിച്ചും പരാതികൾ ലഭിച്ചിട്ടുണ്ട്. കളക്ടറേറ്റുകളിലെ പേഴ്സണൽ രജിസ്റ്റർ ഇ-ഓഫീസ് റിപ്പോർട്ടിൽ നിന്നും ശരിയായ ഫോർമാറ്റിൽ ലഭിക്കുന്നില്ല എന്ന പരാതിയും ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഇ-ഓഫീസ് സംവിധാനം പരിഷ്കരിക്കുവാൻ എൻ.ഐ.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. ഇ-ഓഫീസിന്റെ രണ്ടാം പതിപ്പ് ഡെവലപ്പ് ചെയ്യണമെന്ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സംസ്ഥാന തല അപ്പക്സ് കമ്മിറ്റിയിൽ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇ-ഓഫീസിന്റെ രണ്ടാം പതിപ്പ് ഡെവലപ്പ് ചെയ്യുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ എൻ.ഐ.സി.യോട് ആവർത്തിച്ച് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് എൻ.ഐ.സി ലഭ്യമാക്കിയില്ല.<br><br>ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയ സെക്രട്ടേറിയറ്റ് വകുപ്പുകളിൽ നിന്നും കളക്ടറേറ്റുകളിൽ നിന്നും ഡയറക്ടറേറ്റുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും, വരുത്തേണ്ട മെച്ചപ്പെടുത്തലുകളും ക്രോഡീകരിച്ച് എൻ.ഐ.സി യ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഇ -ഓഫീസ് നടപ്പാക്കിയ ഡയക്ടറേറ്റുകൾ / കമ്മീഷണറേറ്റുകൾ / സർക്കാർ സ്ഥാപനങ്ങൾ**

1. വാണിജ്യനികുതിവകുപ്പ്
2. രജിസ്ട്രേഷൻ വകുപ്പ്
3. എക്സൈസ് കമ്മീഷണറേറ്റ്
4. ഭാഗ്യക്കുറിവകുപ്പ്
5. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്
6. മൃഗസംരക്ഷണ വകുപ്പ്
7. മോട്ടോർ വാഹനവകുപ്പ്
8. ഗ്രാമ വികസന വകുപ്പ്
9. ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്
10. കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
11. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ
12. കേരള നിയമസഭ (ഔദ്യോഗിക ഭാഷ സമിതി)
13. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
14. കേരള സ്റ്റാർട്ടപ്പ് മിഷൻ
15. എനർജി മാനേജ്മെന്റ് സെൻറ്റർ
16. ഇ -ഹെൽത്ത്
17. റീജിയണൽ കാൻസർ സെൻറ്റർ
18. അനർട്ട്
19. സി-ഡിറ്റ്
20. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
21. സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്
22. ജലനിധി
23. കേരള ഫിനാൻഷ്യൽ കോർപറേഷൻ
24. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ
25. കേരള സ്റ്റേറ്റ് ഐറ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
26. സ്റ്റേഷനറി വകുപ്പ്
27. സർവ്വേ ഡയറക്ടറേറ്റ്
28. തിരഞ്ഞെടുപ്പ് കമ്മീഷൻ
29. സഹകരണം - ഓഡിറ്റ് വകുപ്പ്
30. പഞ്ചായത്ത് ഡയറക്ടറേറ്റ്

31. അക്ഷയ സ്റ്റേറ്റ് & ജില്ലാ ഓഫീസുകൾ
32. പൊതു വിദ്യാഭ്യാസ വകുപ്പ്
33. ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ
34. ഐ ടി പാർക്കുകൾ
35. വനം വകുപ്പ്
36. കേരള പബ്ലിക് സർവീസ് കമ്മീഷൻ
37. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
38. നോർക്ക-റൂട്ട്സ്
39. വ്യവസായ വാണിജ്യ വകുപ്പ്
40. കേരള ഹൗസിംഗ് ബോർഡ്
41. വ്യാവസായിക പരിശീലന വകുപ്പ്
42. ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പ്
43. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
44. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ
45. ഫിഷറീസ് വകുപ്പ്
46. സിവിൽ സപ്ലൈസ് വകുപ്പ്
47. സ്മാർട്ട്സിറ്റി
48. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
49. സൈനിക വെൽഫെയർ വകുപ്പ്
50. ഹോമിയോ ഡയറക്ടറേറ്റ്
51. കേരള റയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ
52. നിഷ്
53. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്റ്റ്

സെക്ഷൻ ഓഫീസർ